**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5949** **09-07-2024 - ല്‍ മറുപടിയ്ക്ക്**

**നികുതി സമാഹരണ പ്രവര്‍ത്തനങ്ങള്‍**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തില്‍ രവീന്ദ്രന്‍,<br>ശ്രീ. സേവ്യര്‍ ചിറ്റിലപ്പിള്ളി,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീമതി ഒ എസ് അംബിക | | ശ്രീ കെ എന്‍ ബാലഗോപാല്‍<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി. എസ്.ടി. സമാഹരണ പ്രവര്‍ത്തനങ്ങള്‍ കൂടുതല്‍ സമഗ്രവും ശാസ്ത്രീയവുമാക്കുന്നതിനായി സര്‍ക്കാര്‍ സ്വീകരിച്ചുവരുന്ന നടപടികള്‍ വിശദമാക്കാമോ ? | (എ) | ജി.എസ്.ടി. നിയമത്തിന് അനുസൃതമായ രീതിയില്‍ വകുപ്പിനെ പുന:സംഘടിപ്പിക്കുകയും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികള്‍ സ്വീകരിച്ചിട്ടുമുണ്ട്.<br><br>പുന:സംഘടനയോടനുബന്ധിച്ച് വകുപ്പിനെ ടാക്സ്പെയര്‍ സര്‍വീസസ്, ഓഡിറ്റ്, ഇന്റലിജന്‍സ് ആന്‍ഡ് എന്‍ഫോഴ്സ്മെന്റ് വെര്‍ട്ടിക്കലുകളാക്കി തിരിക്കുകയും ടി വിഭാഗങ്ങളിലെ ജീവനക്കാരുടെ പ്രവര്‍ത്തനങ്ങള്‍ കാര്യക്ഷമമാക്കുന്നതിനായി സമഗ്രവും ശാസ്ത്രീയവുമായ പരിശീലനം നല്‍കുകയും ചെയ്തിട്ടുണ്ട്.<br><br>ജി.എസ്.ടി. നിയമം അനുശാസിക്കുന്ന ടേണ്‍ ഓവര്‍ പരിധി കഴിഞ്ഞിട്ടും ജി.എസ്.ടി. രജിസ്ട്രേഷന്‍ എടുക്കാതിരിക്കുന്നവരെ സര്‍വ്വേകളിലൂടേയും മറ്റ് ഇന്റലിജന്‍സ് ആക്ഷനുകളിലൂടേയും കണ്ടെത്തി രജിസ്ട്രേഷന്‍ എടുപ്പിച്ച് ടാക്സ് നെറ്റ് വര്‍ക്കിനകത്ത് ഉള്‍പ്പെടുത്തുന്നതിനുള്ള തീവ്ര നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ റിട്ടേണ്‍ പരിശോധന, ഓഡിറ്റ്, കട പരിശോധന, മറ്റ് ഇന്റലിജന്‍സ് ആക്ഷന്‍ എന്നിവ നടത്തി നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിനുള്ള നടപടികളും ശക്തമാക്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ അതിര്‍ത്തികളില്‍ സ്ഥാപിച്ചിരിക്കുന്ന AI യുടെ സഹായത്തോടെ പ്രവര്‍ത്തിക്കുന്ന ANPR ക്യാമറകള്‍ വഴി ലഭ്യമാകുന്ന വാഹനങ്ങളുടെ ചരക്കു നീക്കം, കൂടാതെ ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ ഡാറ്റ വിശകലനം ചെയ്ത് ലഭ്യമാകുന്ന Red Flag repot എന്നിവ പ്രയോജനപ്പെടുത്തി നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിനുള്ള നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്. ഓഡിറ്റ് വിഭാഗം നികുതിദായകരെ റിസ്ക് |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ തരംതിരിച്ച് (പല പാരാമീറ്ററുകൾ ഉപയോഗപ്പെടുത്തി) ഓഡിറ്റിനായി തെരഞ്ഞെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിൽ ഓഡിറ്റ് വിസിറ്റ് നടത്തി നികുതിദായകർ സൂക്ഷിച്ചിരിക്കുന്ന രേഖകളും അക്കൗണ്ടുകളും വിശദമായി പരിശോധിച്ച് അവർ ഫയൽ ചെയ്ത റിട്ടേണുകളുമായി താരതമ്യം ചെയ്ത് എവിടെയെങ്കിലും നികുതി ചോർച്ച ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ച് നടപടികൾ എടുത്തുവരുന്നു. ഇപ്രകാരം മേൽ സൂചിപ്പിച്ചിട്ടുള്ള നടപടികളിലൂടെ നികുതി സമാഹരണ പ്രവർത്തനങ്ങൾ കൂടുതൽ സമഗ്രവും ശാസ്ത്രീയവുമാക്കാനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ